"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - പാലക്കാട് ജില്ല - കുഞ്ചൻനമ്പ്യാർ സ്മാരകം - കിള്ളിക്കുറുശ്ശിമംഗലം ലക്കിടി - കുഞ്ചൻ ദിനാഘോഷം ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.736/2026/LSGD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:- 1. കിള്ളിക്കുറുശ്ശിമംഗലം കുഞ്ചൻ നമ്പ്യാർ സ്മാരകം സെക്രട്ടറിയുടെ 12.03.2026 തീയതിയിലെ കത്ത്.

**<u>ഉത്തരവ്</u>**

എല്ലാ വർഷവും മെയ് 5 കുഞ്ചൻ ദിനമായി ആഘോഷിച്ചുവരുന്നെന്നും ഈ വർഷത്തെ കുഞ്ചൻ ദിനാഘോഷവുമായി ബന്ധപ്പെട്ട സംഘാടന ചെലവുകൾക്ക് പാലക്കാട് ജില്ലയിലെ നഗരസഭകളിൽ നിന്നും ഗ്രാമപഞ്ചായത്തുകളിൽ നിന്നും സംഭാവന നൽകുന്നതിലേക്ക് ആവശ്യമായ യഥേഷ്ടാനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം കുഞ്ചൻ നമ്പ്യാർ സ്മാരകം സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026 മെയ് 5 ന് ആഘോഷിക്കുന്ന കുഞ്ചൻ ദിനത്തിന്റെ സംഘാടന ചെലവുകൾക്ക് പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ ₹5,000/- (അയ്യായിരം രൂപ മാത്രം) രൂപ വീതവും മുനിസിപ്പാലിറ്റികൾ ₹10,000/- (പതിനായിരം രൂപ മാത്രം) രൂപ വീതവും അവരവരുടെ തനത് ഫണ്ടിൽ നിന്നും ഭരണ സമിതി തീരുമാനത്തിനു വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപെടുവിക്കുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കുഞ്ചൻ നമ്പ്യാർ സ്മാരകം സെക്രട്ടറി വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യ പത്രം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

സെക്രട്ടറി, കുഞ്ചൻ നമ്പ്യാർ സ്മാരകം, കിള്ളിക്കുറിശ്ശിമംഗലം, ലക്കിടി, പാലക്കാട് - 679 301.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 13-03-2026 16:52:11

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.